I ഇ.ബി. XV - കേരള നിയമസഭ/XI-12

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 1, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അനുമോദനം**

ട്വന്റി-ട്വന്റി ലോകകപ്പ് വിജയം

മി. സ്പീക്കർ: ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യൻ ടീം നേടിയ ചരിത്രവിജയം രാജ്യത്തിന് അഭിമാനകരവും ഭാവി തലമുറയ്ക്ക് പ്രചോദനവും കായിക മേഖലയ്ക്ക് ഊർജ്ജം പകരുന്നതുമാണ്. ശ്രീ. രോഹിത് ശർമ്മയുടെ നേതൃത്വത്തിൽ യുവത്വവും പരിചയസമ്പന്നതയും ഉൾപ്പെടുത്തിക്കൊണ്ടുള്ള

ടീമിൽ മലയാളിയായ ശ്രീ. സഞ്ജു സാംസണിന്റെ സാന്നിദ്ധ്യം കേരളത്തിന് അഭിമാനകരമാണ്. ലോകത്തിന് മുന്നിൽ രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കാൻ ആവേശകരമായ മത്സരത്തിലൂടെ ടീമിന് സാധിച്ചു. വിജയശിൽപ്പികളായ ഇന്ത്യൻ ടീമിനും മാനേജ്മെന്റിനും കേരള നിയമസഭയുടെ ഹൃദ്യമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ ഇന്ത്യൻ ടീമിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. രാജ്യത്തിനാകെ അഭിമാനവും അത്യാഹ്ലാദവും പകർന്ന നേട്ടത്തിൽ സഭയുടെ സന്തോഷത്തോടൊപ്പം പങ്കുചേരുന്നു. നീണ്ട കാലയളവിനുശേഷമാണ് രാജ്യാന്തര ക്രിക്കറ്റിൽ ഇന്ത്യ ലോകകിരീടം സ്വന്തമാക്കുന്നത്. ഈ ടൂർണമെന്റിലുടനീളം ദേശീയ ടീം അതിഗംഭീരമായ പ്രകടനമാണ് കാഴ്ചവച്ചത്. ശ്രീ. രോഹിത് ശർമ്മ, ശ്രീ. വിരാട് കോഹ്‌ലി എന്നീ പരിചയസമ്പന്നരും യുവതാരങ്ങളുമടങ്ങിയ ടീം അർഹിച്ച വിജയമാണ് കരസ്ഥമാക്കിയത്. ശ്രീ. ജസ്പ്രീത് ബുംറയുടെ നേതൃത്തിലുള്ള ബൗളർമാർ മികച്ച പ്രകടനമാണ് നടത്തിയിട്ടുള്ളത്. മലയാളിയായ ശ്രീ. സഞ്ജു സാംസണിന് കളിക്കാൻ അവസരം ലഭിച്ചില്ലെങ്കിലും ടീമിലെ സാന്നിദ്ധ്യം സംസ്ഥാനത്തിന് അഭിമാനകരമാണ്. ഇന്ത്യൻ ക്രിക്കറ്റ് ടീമിന്

വേണ്ടി പ്രവർത്തിച്ച മുഴുവൻ പേർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ടീം ഇന്ത്യയുടെ ട്വന്റി-ട്വന്റി ലോകകപ്പ് വിജയം നമ്മളെയെല്ലാം പ്രചോദിപ്പിക്കുകയാണ്. മത്സരത്തിന്റെ ഭൂരിഭാഗം പിന്നിട്ടപ്പോഴും വിജയം ഉറപ്പിക്കാൻ സാധിച്ചിരുന്നില്ലെങ്കിലും ഇന്ത്യൻ ടീം നടത്തിയ തിരിച്ചുവരവ് ഉജ്ജ്വല പോരാട്ട വീര്യത്തിന്റെ പ്രതീകമാണ്. ശ്രീ. വിരാട് കോഹ്‌ലിയും ശ്രീ. രോഹിത് ശർമ്മയും ട്വന്റി-ട്വന്റിയിൽ നിന്നും വിരമിച്ചപ്പോൾ ആ പ്രതിഭാശാലികളുടെ ശ്രേണിയിലേയ്ക്ക് ശ്രീ. സഞ്ജു സാംസണിന് ഒരിടംകിട്ടുമെന്നും അത് ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ കൂടുതൽ ശക്തമാക്കുമെന്നും പ്രതീക്ഷിക്കുന്നു. ടീം ഇന്ത്യയെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഇന്ത്യയ്ക്ക് അഭിമാനിക്കാൻ പറ്റുന്ന കായികയിനമാണ് ക്രിക്കറ്റ്. ശ്രീ. കപിൽദേവിന്റെ കാലംമുതൽ ക്രിക്കറ്റിൽ ലോക രാജ്യങ്ങൾക്കിടയിൽ ഇന്ത്യ ശക്തരായി നിൽക്കുകയാണ്. കഴിഞ്ഞ പത്ത് വർഷത്തെ ടൂർണമെന്റുകൾ പരിശോധിച്ചാൽ ഇന്ത്യൻ ക്രിക്കറ്റിന്റെ മികച്ച പ്രകടനം കാണാൻ സാധിക്കും. ശ്രീ. സഞ്ജു സാംസണും കുമാരി

മിന്നുമണിയുമടക്കമുള്ള താരങ്ങൾ കേരളത്തിന് അഭിമാനം നേടിത്തന്നവരാണ്. ട്വന്റി-ട്വന്റി ലോകകപ്പ് വിജയത്തിലൂടെ രാജ്യത്തിന്റെ പ്രശസ്തി ലോകത്തിന് മുമ്പിൽ എത്തിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുകയാണ്.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ

മി. സ്പീക്കർ: ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദങ്ങളും ജോലിഭാരവും നിമിത്തം പാറശ്ശാല സ്വദേശി മദനകുമാറുൾപ്പെടെ നിരവധി പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം പരശുവയ്ക്കൽ സ്വദേശിയും സിവിൽ പോലീസ് ഓഫീസറുമായ മദനകുമാർ 26-04-2024-ന് ക്വാർട്ടേഴ്സിൽ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് പൂന്തുറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം നടന്നുവരികയാണ്.

കുടുംബപ്രശ്നംമൂലം ഇദ്ദേഹം കുടുംബവുമായി അകന്നുകഴിയുന്നതായും ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായും അറിയാൻ സാധിച്ചിട്ടുണ്ട്. സേനാംഗങ്ങൾക്കിടയിലെ കുടുംബ-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളോടൊപ്പം ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യക്ക് കാരണമായിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. പോലീസ് ഉദ്യോഗസ്ഥരുടെയിടയിൽ ആത്മഹത്യാപ്രവണതയും മാനസിക സംഘർഷവും കുറയ്ക്കുന്നതിന് യോഗ ഉൾപ്പെടെ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. സേനാംഗങ്ങളുടെ പരിശീലന കാലയളവിൽ സാമ്പത്തിക അച്ചടക്കം സംബന്ധിച്ച ക്ലാസ്സുകളും മാനോബലം വർദ്ധിപ്പിക്കുന്നതിനും മാനസിക പിരിമുറക്കം ലഘൂകരിക്കുന്നതിനുമുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്. അതോടൊപ്പം അർഹമായ ലീവും വീക്ക്‌ലി ഓഫും നിർബന്ധമായും നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: പോലീസ് സേനയിൽ മതിയായ സേനാംഗങ്ങളെ വിന്യസിക്കാതെ അമിത ജോലിഭാരം അടിച്ചേൽപ്പിക്കുന്നതിലൂടെ ഇവരുടെ ഇടയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 88

പോലീസുകാരാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. പോലീസ് സ്റ്റേഷനുകളിലെ വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഴയ അംഗബലം മാത്രമാണുള്ളത്. പോലീസ് സേനയെ മെച്ചപ്പെടുത്തുന്നതിന് ജില്ലാ പോലീസ് മേധാവിമാർ ആവശ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ നിയമനം നടത്തണം. ട്രാഫിക് സ്റ്റേഷനിലെ കേസുകൾ ലോക്കൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയതിലൂടെ പോലീസുകാർക്ക് അമിത ജോലിഭാരമാണ് വരുന്നത്. സ്റ്റേഷനുകളിൽ ഡ്രൈവർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. 500 പൗരന്മാർക്ക് ഒരു പോലീസ് എന്ന നിർദ്ദേശം നടപ്പാക്കാൻ സാധിച്ചിട്ടില്ല. പോലീസുകാർക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വനിത പോലീസുകാരുടെ ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. പോലീസുകാരുടെ പരാതി കേൾക്കാനുള്ള സംവിധാനമുണ്ടാകണം. സേനയിലെ രാഷ്ട്രീയാതിപ്രസരം അവസാനിപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. പിണറായി വിജയൻ</u>: പോലീസുകാരുടെ ആത്മഹത്യ സേനയിലുണ്ടാകുന്ന സംഘർഷം കൊണ്ടുമാത്രം സംഭവിക്കുന്നതല്ല. പോലീസുകാരുടെ ആത്മഹത്യ വർദ്ധിക്കുന്നത് തടയുന്നതിനുള്ള

നടപടികളെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. പോലീസുകാരുടെ എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നത്. പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ജില്ലാ പോലീസ് മേധാവികൾ അതത് ജില്ലകളിലുള്ള പ്രശ്നങ്ങൾ സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. എല്ലാ സ്ഥലങ്ങളിലും ആവശ്യമായ സെക്യൂരിറ്റി നൽകുന്നതിനുവേണ്ടി അഖിലേന്ത്യാടിസ്ഥാനത്തിൽ സി.ഐ.എസ്.എഫ്., എസ്.ഐ.എസ്.എഫ്. എന്നിവയുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ട്രാഫിക് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട കേസുകളും മറ്റും കൈകാര്യം ചെയ്യുന്നത് അതത് പോലീസ് സ്റ്റേഷനുകളിൽ തന്നെയാണ്. ഒഴിവുള്ള ഡ്രൈവർമാരുടെ തസ്തികകൾ നികത്തുന്നതാണ്. പോലീസുകാർക്ക് അവരുടെ കുടുംബപരമായ കാര്യങ്ങളിൽ പങ്കെടുക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സർക്കാർ ഒരുക്കിക്കൊടുക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം

കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മതിയായ സ്റ്റാഫുകളില്ലാത്ത പോലീസ് സ്റ്റേഷനുകളിൽ ഓഫീസ് ജോലികൾക്കും മറ്റും പോലീസുകാരെ നിയോഗിക്കുന്നത് ഒഴിവാക്കണമെന്നുള്ള കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. പോലീസുകാർ ജോലി സമ്മർദ്ദം മൂലമോ കുടുംബപരമോ മാനസികമോ ആയ കാരണങ്ങൾകൊണ്ടോ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പേലീസ് സേനയെ കൂടുതൽ ആത്മവീര്യത്തോടെ പ്രവർത്തിക്കുന്ന ഒരു സേനയാക്കി മാറ്റുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) നെൽകൃഷി മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. മുരളി പെരുനെല്ലി: സംസ്ഥാനത്തെ നെൽകൃഷി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി കൊടുത്തുതീർക്കാനും നല്ലയിനം നെൽവിത്ത് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വർദ്ധിച്ചുവരുന്ന നിരോധിത കീടനാശിനിയുടെ ഉപയോഗം ഒഴിവാക്കാൻ പരിശോധനകൾ കർശനമാക്കണം. കൃഷിനാശം സംഭവിച്ചവർക്ക് ഇൻഷ്വറൻസ് സഹായം ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്താനും കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയെ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): വരൾച്ചമൂലമുള്ള കൃഷിനാശം വിലയിരുത്താനായി ബ്ലോക്ക് തലത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും സ്ഥലസന്ദർശനം നടത്തി നഷ്ടം തിട്ടപ്പെടുത്തുകയും കർഷകരെ

സഹായിക്കുന്നതിന് അധിക തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മാസംതന്നെ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ നേരിൽ കണ്ട് കർഷക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതുമാണ്. പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുമ്പോൾ നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും കൃഷി ഇറക്കാനായി നെൽ വിത്ത് സൗജന്യമായി നൽകാനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖേന ഏർപ്പെടുത്തുകയും ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ള വിത്ത് ലഭ്യത ഉറപ്പുവരുത്താനായി കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും ഹ്രസ്വകാലയളവിൽ വിളവെടുപ്പ് നടത്താൻ സാധ്യമാകുന്നതുമായ നെല്ലിന്റെ കൂടുതൽ വിത്തിനങ്ങൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന കൃഷിനാശം

ശാസ്ത്രീയമായി കണ്ടെത്തി നഷ്ടപരിഹാരം നൽകുന്നുണ്ട്. നെൽകൃഷിക്ക് നാശനഷ്ടമുണ്ടാകുന്ന സാഹചര്യങ്ങളിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷി നാശത്തിന് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ദേശീയതലത്തിൽ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമായി ഉൽപ്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സംഭരിക്കുകയും ഉയർന്ന വില നൽകുകയും സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയുമാണ്. കീടനാശിനി വിൽപ്പനശാലകൾ പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇൻഷ്വറൻസ് സഹായം വേഗത്തിൽ ലഭിക്കാനായി നടപടിക്രമങ്ങൾ ലഘൂകരിക്കാനും കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കാനും 27 വിളകളെ ഉൾപ്പെടുത്തി കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാനുള്ള സംവിധാനമൊരുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) <u>തീരദേശ പരിപാലന പ്ലാനിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. രമേശ് ചെന്നിത്തല:</u> 2011-ലെ തീരദേശ പരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ 18-01-2019-ൽ കേന്ദ്ര സർക്കാർ

പുറപ്പെടുവിച്ച വിജ്ഞാപനത്തെ തുടർന്ന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ കടലോര-ഉൾനാടൻ തീരദേശ വാസികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ തീരദേശ പഞ്ചായത്തുകളുടെ വികസന ആവശ്യങ്ങൾകൂടി പരിഗണിച്ച് പ്ലാനിൽ മാറ്റം വരുത്താനും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ഗ്രാമ പഞ്ചായത്തുകളെക്കൂടി CRZ-II-ലേയ്ക്ക് മാറ്റാനുമുള്ള നടപടി സ്വീകരിക്കണം. ഇന്റഗ്രേറ്റഡ് ഐലൻഡ് മാനേജ്മെന്റ് പ്ലാനിൽ എല്ലാ ഉൾനാടൻ മത്സ്യഗ്രാമങ്ങളെയും ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുന്നതിനും തീരദേശപരിപാലന നിയമപ്രകാരം ആവശ്യത്തിന് ഭവനങ്ങൾ അനുവദിക്കുന്നതിനും തീരശോഷണം, കടലാക്രമണം എന്നിവ കാരണം മാറ്റിപ്പാർപ്പിക്കുന്ന തദ്ദേശവാസികൾക്ക് പ്രസ്തുത സ്ഥലം അവരുടെ ഉടമസ്ഥതയിൽ നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര സർക്കാരുമായി വിശദമായ ചർച്ചകൾ നടത്തിയശേഷമാണ് കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയത്. ചെന്നൈ നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) നിർദ്ദേശിച്ച ഭേദഗതികളും അധികവിവരങ്ങളും ഉൾപ്പെടുത്തിയ കരട് പ്ലാൻ, ഫിഷറീസ്

-ടൂറിസം മാനേജ്മെന്റ് പ്ലാനുകൾ, ലാൻഡ് യൂസ് മാപ്പ് എന്നിവ NCSCM-ന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റിക്ക് 11.06.2024-ന് നൽകിയിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കരട് പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതിക്ക് സമർപ്പിക്കുന്നതാണ്. 175 പഞ്ചായത്തുകളെ CRZ-II-ന്റെ പരിധിയിലുൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിൽ 66 ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അനുകൂല തീരുമാനമുണ്ടായിട്ടുണ്ട്. കരട് പ്ലാനിന് കേന്ദ്രാനുമതി ലഭിക്കുന്നതോടെ പൊക്കാളി പാടങ്ങളും അനുബന്ധ പ്രദേശങ്ങളും CRZ-ൽനിന്ന് പൂർണ്ണമായും ഒഴിവാക്കപ്പെടും. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന കണ്ടൽക്കാടുകളുടെ ചുറ്റുമുള്ള ബഫർ സോൺ പൂർണ്ണമായും ഒഴിവാകുകയും തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിലുൾപ്പെടുന്ന ഉൾനാടൻ ജലാശയങ്ങളുടെ നിർമ്മാണ നിരോധിതമേഖല 50 മീറ്ററായി കുറയുകയും ചെയ്യും. 10 ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള ദ്വീപുകൾക്കുള്ള മാർഗ്ഗരേഖ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. തീരദേശ പരിപാലന

നിയമത്തിൽ കൂടുതൽ ഇളവുകൾ ലഭിക്കുന്നതിനായി ആവശ്യമായ എല്ലാ നടപടികളും തുടർന്നും കൈക്കൊള്ളുന്നതാണ്.

## IV സബ്മിഷൻ

### (1) ചെമ്പഴന്തി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ചെമ്പഴന്തി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും നിക്ഷേപങ്ങൾ തിരികെ ലഭ്യമാക്കുന്നതിനും സംഘാംഗമായ ബിജുകുമാറിന്റെ മരണത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ചെമ്പഴന്തി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് സംഘം പ്രസിഡന്റിന്റെ നിഷേധാത്മക സമീപനത്തെത്തുടർന്നാണ് ബിജുകുമാർ ആത്മഹത്യ ചെയ്തതെന്നാണ് പ്രാഥമികാന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. സംഭവവുമായി

ബന്ധപ്പെട്ട് കഴക്കൂട്ടം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(2) സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം

ഡോ. മാത്യു കുഴൽനാടൻ: സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2023-ലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടപ്പാക്കുന്നതിന് സ്പാർക്ക് മുഖാന്തരം അപേക്ഷ ക്ഷണിച്ചിരുന്നെങ്കിലും 2023-ലെ ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടികൾ ഒഴിവാക്കണമെന്നും 2024-ലെ നടപടികൾ ഏപ്രിൽ 30-ന് പൂർത്തിയാകണമെന്നും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്മേൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാർക്ക് സ്പാർക്ക് സോഫ്റ്റ്‌വെയറിലൂടെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും വിധി നടപ്പാക്കുന്നതിനുള്ള സമയപരിധി മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2024-ലെ

പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖാന്തരം നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്.

(3) സർക്കാർ മേഖലയിലെ ഡയാലിസിസ് സംവിധാനം

ശ്രീ. വി. കെ. പ്രശാന്ത്: സർക്കാർ മേഖലയിൽ കൂടുതൽ ഡയാലിസിസ് സൗകര്യങ്ങളേർപ്പെടുത്തുന്നതിനും പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്തെ നൂറോളം സർക്കാർ ആശുപത്രികളിൽ ഹീമോ ഡയാലിസിസ് നടക്കുന്നുണ്ട്. ഡയാലിസിസ് ആരംഭിച്ചിട്ടില്ലാത്ത എല്ലാ ആശുപത്രികളിലും 2024 ഡിസംബറോടുകൂടിയും കെട്ടിട നിർമ്മാണം നടക്കുന്ന ആശുപത്രികളിൽ 2025-ഓടുകൂടിയും ഡയാലിസിസ് ആരംഭിക്കാൻ സാധിക്കുന്നതാണ്. കുട്ടികൾക്കുള്ള ഹീമോ ഡയാലിസിസ് എസ്.എ.ടി. ആശുപത്രിയിൽ നടക്കുന്നുണ്ട്. ആവശ്യത്തിന് സൗകര്യങ്ങളില്ലാത്ത ചില ജില്ലകളിൽ സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡയാലിസിസിന്റെ ചെലവ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം സർക്കാർ/സ്വകാര്യ

ആശുപത്രികളിൽ ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി തദ്ദേശസ്ഥാപനങ്ങൾ പദ്ധതി വിഹിതം മാറ്റിവയ്ക്കുന്നുമുണ്ട്.

(4) ചാലക്കുടി റവന്യൂ ടവർ

ശ്രീ. സനീഷ്കുമാർ ജോസഫ്: കിഫ്ബി അംഗീകാരത്തോടെയോ സർക്കാർ ധനസഹായം അനുവദിച്ചോ ചാലക്കുടി റവന്യൂ ടവർ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി 24.63 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളതാണെങ്കിലും കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കുമേൽ കൊണ്ടുവന്ന സാമ്പത്തിക നിയന്ത്രണംമൂലം പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് മാത്രം മുൻഗണന നൽകേണ്ടിവന്നതിനാൽ ചാലക്കുടി റവന്യൂ ടവർ പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകുന്നത് സംബന്ധിച്ച നടപടി തൽക്കാലം മാറ്റി വച്ചിരിക്കുകയാണ്.

(5) തൃക്കുന്നപ്പുഴ-ആറാട്ടുപ്പുഴ പഞ്ചായത്തുകളിൽ കടലാക്രമണം

ശ്രീ. രമേശ് ചെന്നിത്തല: ഹരിപ്പാട് നിയോജകമണ്ഡലത്തിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാനൂർ-തോപ്പിൽത്തൈമൂല-ചേലക്കാട്-

പതിയാങ്കര-പള്ളിപ്പാട്മുറി-കുമാരകോടി എന്നീ സ്ഥലങ്ങളിലും ആറാട്ടുപ്പുഴ-വലിയഴീക്കൽ-പെരുമ്പള്ളി-മംഗലം എന്നീ സ്ഥലങ്ങളിലും ടെട്രാപോഡ് നിർമ്മിച്ച് കടലാക്രമണം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വലിയഴീക്കൽ-തറയിൽക്കടവ്-പെരുമ്പള്ളി ആറാട്ടുപുഴ ജംഗ്ഷൻ മുതൽ മംഗലം വരെയുള്ള ഭാഗങ്ങളിലെ കടലാക്രമണ ഭീഷണി നേരിടുന്നതിനായി ഏഴ് കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വലിയഴീക്കൽ, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിൽ പ്രവൃത്തി നടന്നുവരികയാണ്. വട്ടച്ചാൽ, പതിയാങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ പ്രദേശങ്ങളിലായി നടപ്പാക്കിവരുന്ന 50 പുലിമുട്ടുകളുടെ പ്രവൃത്തികളിൽ 37 എണ്ണം പൂർത്തീകരിക്കുകയും 13 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. ചെന്നൈ ഐ.ഐ.ടി. സമർപ്പിച്ച ഡിസൈനനുസരിച്ച് നെല്ലാനിക്കൽ ഭാഗത്തെ മൂന്ന് പുലിമുട്ടുകളുടെ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ നൽകുകയും ടെട്രാപോഡ് കാസ്റ്റിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുനടന്ന പരിശോധനയിൽ ചില വ്യതിയാനങ്ങൾ കണ്ടെത്തിയതിനാൽ

കിഫ്ബിയുടെ നിർദ്ദേശാനുസരണം ചെന്നൈ ഐ.ഐ.ടി. സമർപ്പിച്ച പുതിയ ഡിസൈൻ അനുസരിച്ച് നെല്ലാനിക്കൽ ഭാഗത്ത് 4 പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ അടിയന്തരമായി ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷിക്കുന്നതിനും കല്ലുപയോഗിച്ചുള്ള സംരക്ഷണഭിത്തിയുടെ തകർന്നുപോയഭാഗം പുനർനിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(6) വാമനപുരം പുഴയിലെ ജലവിതരണ പദ്ധതികൾ

ശ്രീമതി ഒ. എസ്. അംബിക: വാമനപുരം നദി സ്രോതസ്സായി പ്രവർത്തിക്കുന്ന ജലവിതരണ പദ്ധതികൾക്ക് ജലലഭ്യത ഉറപ്പാക്കാനായി തടയണ/റിസർവോയർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വാമനപുരം നദിയിൽ ഡാം/റിസർവോയർ ഇല്ലാത്തതുകാരണം വേനൽക്കാലത്ത് ജലലഭ്യത ക്രമീകരിക്കുന്നതിന് തടസ്സമുണ്ടാകുന്നുണ്ട്. സ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി സ്ഥിരമായ തടയണകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി കൊല്ലംപുഴ സുബ്രഹ്മണ്യ കോവിലിനടുത്തായി വാമനപുരം നദിക്കുകുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വാമനപുരം നദിയിൽ അരുവിപ്പുറം പാലത്തിന് സമീപത്തായി ഒരു ചെക്ക് ഡാം പണിയുന്നതിന് ജൽജീവൽ മിഷൻ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി ശേഖരിച്ച് ജലവിതരണ പദ്ധതികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി നദിയുടെ വിവിധ സ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## (7) കൈത്തറി സംഘങ്ങൾക്ക് നൂൽ ലഭ്യമാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് 72 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിനും സംഘങ്ങൾക്കാവശ്യമായ നൂലും നാല് ശതമാനം പലിശനിരക്കിൽ വായ്പയും ലഭ്യമാക്കുന്നതിനും ബാലരാമപുരം കൈത്തറിയിൽ കളറിംഗ് പ്രോസസ്സ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വിജയകരമായി നടപ്പാക്കിവരുന്ന കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. യാൺ പർച്ചേസിംഗ് കമ്മിറ്റി

ചേർന്ന് സ്പിന്നിംഗ് മില്ലുകൾക്ക് വർക്ക് ഓർഡർ നൽകി ലഭ്യമാകുന്ന ഇൻഡന്റ് അനുസരിച്ച് നൂൽവിതരണം തടസ്സംകൂടാതെ നടത്തിവരുന്നുണ്ട്. യാൺ ബാങ്കുകളിലെ നൂൽക്ഷാമം പരിഹരിക്കുന്നതിന് നാഷണൽ ഹാൻഡ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും സഹകരണമേഖലയിലെ മില്ലുകളിൽനിന്നും ന്യായമായ വിലയ്ക്ക് നൂൽ സംഭരിക്കുന്നതിന് ഒറ്റത്തവണ ധനസഹായമായി ഒരു കോടി രൂപയും അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിനുള്ള സബ്സിഡിയായി 52,99,637/- രൂപയും അനുവദിച്ചിട്ടുണ്ട്. ഹാന്റക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് നൂലും അസംസ്കൃത വസ്തുക്കളും വാങ്ങി വിതരണം ചെയ്യുന്നതിന് മാർജിൻ മണി ലോൺ അനുവദിക്കുന്നതിന് 1.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാട്ടുകാണിയിലെ കൈത്തറി ഗ്രാമത്തിൽ കൈത്തറി തുണികളുടെ കളറിംഗ് പ്രോസസിനുള്ള സൗകര്യം ഏർപ്പെടുത്താനാണ് ശ്രമിക്കുന്നത്.

(8) <u>ദേവികുളത്ത് ലൈഫ് ഫ്ലാറ്റ് സമുച്ചയം</u>

<u>ശ്രീ. എ. രാജ</u>: ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ദേവികുളം താലൂക്കിലെ തോട്ടം മേഖലയിലെ കൂടുതൽ ഗുണഭോക്താക്കൾക്ക് വീട്

ലഭ്യമാക്കുന്നതിന് ഫ്ലാറ്റ് മോഡലിൽ വീട് നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മൂന്നാർ, ദേവികുളം, പള്ളിവാസൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടതും ഭൂമി ലഭ്യമായതുമായ ഗുണഭേക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിത, ഭവനരഹിതരുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് മിഷൻ ഏറ്റെടുത്തിട്ടില്ല. തോട്ടം മേഖലകളിലെ തൊഴിലാളി കുടുംബങ്ങൾക്ക് തോട്ടം ഉടമകളിൽനിന്നും ഭൂമി സറണ്ടർ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതും അവരുടെ പുനരധിവാസം തൊഴിലും നൈപുണ്യവും വകുപ്പിന്റെ സഹകരണത്തോടെ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയുമാണ്.

### (9) ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം മണ്ഡലത്തിലെ ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം ആർ.ഐ.ഡി.എഫ് 20 സ്കീമിലുൾപ്പെടുത്തിയിരുന്നെങ്കിലും കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതിനെതുടർന്ന് സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

### (10) വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ പ്രദേശങ്ങളിലെ വെള്ളക്കെട്ടും യാത്രാദുരിതവും

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: മാളിക്കടവ്-തണ്ണീർപ്പന്തൽ റോഡ് പുതുക്കിപ്പണിയുന്നതിനും വേങ്ങേരി ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിനും പാച്ചാക്കിൽ റോഡിന്റെ വശത്തുള്ള വെള്ളക്കെട്ട് നീക്കാൻ ഡ്രെയിൻ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വേങ്ങേരി ജംഗ്ഷനിലെ മേൽപ്പാലം നിർമ്മാണവും യൂട്ടിലിറ്റി ഷിഫ്റ്റിംഗും നിലവിൽ ആരംഭിച്ചിട്ടുള്ളതും സെപ്റ്റംബർ മാസത്തോടെ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നതുമാണ്. കോട്ടൂളിയിലും പാച്ചാക്കിലിലും വെള്ളക്കെട്ട് പരിഹരിക്കുന്നതിന് വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന മാലിന്യങ്ങളടക്കം നീക്കം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പാച്ചാക്കിൽ ഭാഗത്ത് റോഡിന്റെ ഇടത് ഭാഗത്തുനിന്നും വലത് ഭാഗത്തേയ്ക്ക് ഒഴുക്ക് സുഗമമാക്കാൻ ദേശീയപാതയ്ക്ക് കുറുകെ ബാലൻസിംഗ് കൾവർട്ടുകൾ നൽകിയിട്ടുണ്ടെന്ന് NHAI അറിയിച്ചിട്ടുണ്ട്. വെള്ളക്കെട്ടുൾപ്പെടെയുള്ള വിഷയങ്ങൾക്ക് പരിഹാരം കാണണമെന്ന തീരുമാനത്തിന്റെ ഭാഗമായി ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും സംസ്ഥാനാടിസ്ഥാനത്തിലുള്ള അവലോകന യോഗത്തിൽ ഇതിന്റെ ഫോളോഅപ് നടത്തുകയും ചെയ്യുന്നതാണ്. എൻ.എച്ച്.-66-മായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാനതലത്തിൽ യോഗം വിളിച്ചുചേർക്കുന്നതാണ്.

## V ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

(645,68,57,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

(132,55,73,000 രൂപ)

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

(561,38,61,000 രൂപ)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഫർസോൺ വിഷയത്തിൽ മലയോരമേഖലയിലെ ജനങ്ങൾക്കുണ്ടായിരുന്ന ആശങ്കയകറ്റാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. 'നവകിരണം' പദ്ധതിക്കായി 95 കോടി രൂപ അനുവദിച്ചതും പുതുതായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചതും സ്വാഗതാർഹമാണ്. മലയോരമേഖലകളിലെ കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലാനുള്ള അനുമതിയുടെ സമയപരിധി ദീർഘിപ്പിക്കണം. വനമേഖലയിൽ താമസിക്കുന്നവരുടെ പട്ടയം, വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ എന്നിവ കൃത്യമായി ലഭ്യമാക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തണം. വനസൗഹൃദ സദസ്സിലൂടെ പാവപ്പെട്ട ആദിവാസികൾക്ക് സഹായം അനുവദിച്ച നടപടി

മാതൃകാപരമാണ്. കുളത്തൂപ്പുഴ ഫോറസ്റ്റ് മ്യൂസിയത്തിലെ റിസർച്ച് സെന്റർ നിർമ്മാണം പൂർത്തിയാക്കി നാച്ചുറൽ ഹിസ്റ്ററി മ്യൂസിയമാക്കിയതും തേനീച്ചയുടെ ഉപദ്രവത്തിൽ പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചതും കാട്ടുതീ തടയാൻവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂം ആരംഭിച്ചതും പ്രശംസനീയമാണ്. നെയ്യാർഡാമിലെ ഫയർഫോഴ്സ് ഓഫീസിന് അടിസ്ഥാനസൗകര്യമൊരുക്കുന്നതിനും കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ആദിവാസികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി അമ്പൂരിയിൽ ഒരു കേന്ദ്രം ആരംഭിക്കുന്നതിനും നെയ്യാർഡാമിലെ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും നഗരവനം മാതൃകയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊച്ചുവനം രൂപപ്പെടുത്തുന്നതിനും കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി കൂടുതൽ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമീണമേഖലയിലെ ഉരുക്കളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കും സൗകര്യമൊരുക്കണം. പാറശ്ശാല നിയോജകമണ്ഡലത്തിലെ ആട്ടുവളർത്തൽ കേന്ദ്രം മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ

ഭാഗമായുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് അനുവദിക്കാനും പാറശ്ശാലയിൽ ഡെയറി കോളേജാരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൃഗങ്ങൾക്ക് മതിയായ ചികിത്സാസൗകര്യങ്ങളില്ലാത്തതും ഡോക്ടർമാരുടെ കുറവും പരിഹരിക്കപ്പെടണം. ക്ഷീരകർഷകർക്കുള്ള നഷ്ടപരിഹാരത്തുക സമയബന്ധിതമായി നൽകണം. ആറളം ഫാമിൽ ആനപ്രതിരോധ മതിലിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനും വനംവകുപ്പിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാനും വാച്ചർമാർക്ക് യഥാസമയം ശമ്പളം നൽകാനും നടപടിയുണ്ടാകണം. കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് ഉപയോഗിക്കുന്ന തോക്കിന് ലൈസൻസ് ലഭ്യമാക്കണം. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വനം വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ് ബന്ധപ്പെട്ട എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുടെ സംയുക്ത യോഗം വിളിച്ചുചേർക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷീരമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡയറി

ഇന്നൊവേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനും ഉരുക്കുകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടി മാതൃകാപരമാണ്. അതിദാരിദ്ര്യ കുടുംബങ്ങളുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ ഒരു പശു ഡയറി യൂണിറ്റും സംരംഭകർക്കായി 20 പശു ഡയറി യൂണിറ്റുകളും യുവാക്കൾക്ക് സ്റ്റാർട്ട് അപ് ഡയറി ഫാമും നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തോട്ടം-മത്സ്യം-കയർ മേഖലകളിലെ തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പുവരുത്താനായി ക്ഷീരസംഘങ്ങളുമായി സഹകരിച്ച് ഡയറി പാക്കേജും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് സ്പെഷ്യൽ പെർഫോമൻസ് ബൂസ്റ്റർ പദ്ധതിയും നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. പാൽവില ചാർട്ട് ശാസ്ത്രീയമായി പരിഷ്കരിച്ചതും സംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററൊന്നിന് ഒരു രൂപ ഇൻസെന്റീവ് നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ക്ഷീരകർഷകരെയും കുടുംബങ്ങളെയും കന്നുകാലികളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതും മൊബൈൽ വെറ്ററിനറി/സർജറി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചതും

അഭിമാനാർഹമാണ്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിച്ചതോടൊപ്പം 156 ഹെക്ടർ ഭൂമി വനമേഖലയിലേയ്ക്ക് കൂട്ടിച്ചേർക്കാനും സാധിച്ചിട്ടുണ്ട്. കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നവർക്ക് നൽകുന്ന തുക വർദ്ധിപ്പിക്കാനും നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് എക്കോ ടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കാനും വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താനും വനത്തിനോട് ചേർന്ന് ജീവിക്കുന്ന ജനവിഭാഗങ്ങളെക്കൂടി ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. കന്നുകാലികളെ വളർത്തുന്ന കർഷകർക്ക് സുസ്ഥിര വരുമാനത്തിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. പാലിന്റെ വില വർദ്ധനവിനാനുപാതികമായ തുക കർഷകർക്ക് ലഭ്യമാക്കാൻ നടപടിയുണ്ടാകണം. കർഷകർക്കുള്ള ഇൻസെന്റീവ് സമയബന്ധിതമായി നൽകാനുള്ള നടപടി സ്വീകരിക്കണം. ക്ഷീരകർഷകർക്കുള്ള ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി പുനഃസ്ഥാപിക്കണം. അഞ്ചിലധികം മൃഗങ്ങളെ വളർത്തുന്നതിന് ലൈസൻസ് വേണമെന്ന നിയമവ്യവസ്ഥ

ലഘൂകരിക്കണം. തിരൂർ മൃഗാശുപത്രിയിൽ വെറ്ററിനറി സർജനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വന്യമൃഗശല്യം തടയാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കണം. ശബരിമല കാനനപാതയുടെ വികസന/സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാളകെട്ടി ക്ഷേത്രത്തിന്റെ ജീർണ്ണാവസ്ഥയും അവിടത്തെ റോഡിന്റെ ശോച്യാവസ്ഥയും പരിഹരിക്കുന്നതിനും വനം വകുപ്പ് നടപടി സ്വീകരിക്കണം. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശത്തെ പെരിയാർ കടുവ സംരക്ഷിത പ്രദേശത്തിൽനിന്നും ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. സംസ്ഥാനത്തെ ക്ഷീരവികസന മേഖല മാതൃകാപരമായി മുന്നോട്ടുപോകുന്നുണ്ട്. പാലുല്പാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലാണെന്നതും അഭിമാനകരമാണ്. കന്നുകുട്ടി പരിപാലനം ഊർജ്ജിതവും കാര്യക്ഷമവുമാക്കണം. കന്നുകാലികളുടെ

ഇൻഷ്വറൻസ് സബ്സിഡി വർദ്ധിപ്പിക്കുന്നതിനോ പ്രീമിയം പൂർണ്ണമായും സബ്സിഡിയായി നൽകുന്നതിനോ നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളാൽ കൊല്ലപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. വന്യജീവി ആക്രമണം തടയാനും അപകടം സംഭവിക്കുന്നവരെ സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ സർക്കാർ സമ്പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമായ 6773 അപേക്ഷകളിന്മേൽ സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുള്ളത് ഖേദകരമാണ്. വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കാൻ വകുപ്പ് സ്വീകരിക്കുന്ന ശാസ്ത്രീയമായ നടപടികൾ വിജയകരമാകാത്തത് സംബന്ധിച്ച് പരിശോധിക്കണം. ആനകളുടെ സംരക്ഷണം ഉറപ്പുവരുത്താനും സാംസ്കാരിക പരിപാടികളിൽ നാട്ടാനകളുടെ ലഭ്യത ഉറപ്പുവരുത്താനുമുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ടാകണം. കോന്നി, കോട്ടൂർ മേഖലകളിൽ ആന ചരിയുന്ന സംഭവങ്ങളിലെ ദുരൂഹതകൾ സംബന്ധിച്ച് പരിശോധിക്കണം.

ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതോടൊപ്പം സംഘങ്ങൾവഴി കർഷകർക്ക് ന്യായവില ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കണം. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കണം. നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിക്കണം. പിറവം നിയോജകമണ്ഡലത്തിലെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള വീഴ്ച സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

<u>ശ്രീ. ലിന്റോ ജോസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷീര മേഖല ഇന്ന് നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാലിത്തീറ്റയുടെ വില വർദ്ധനവുമൂലം കർഷകർ വലിയ പ്രയാസം നേരിടുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ വില നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച് പരിശോധിക്കണം. തീറ്റപ്പുൽ കൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനും മാരക രോഗങ്ങൾ പിടിപെട്ട പശുക്കളുടെ ചികിത്സക്കാവശ്യമായ ധനസഹായം ഇൻഷ്വറൻസ് പരിരക്ഷയോടുകൂടി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്

ക്ഷീരകർഷകരെ സഹായിക്കാനുള്ള പദ്ധതികൾക്ക് പിന്തുണ നൽകണം. ക്ഷീരമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും വനം-വന്യജീവി നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. എ. രാജ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരികയാണ്. സംഘർഷ മേഖലകളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിൽ ഒരു കൺട്രോൾ റൂം ആരംഭിക്കുകയും നോഡൽ ഓഫീസർ, വാച്ചർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട 460-ഓളം പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുകയും 13 പുതിയ ആർ.ആർ.ടി.-കൾ പ്രഖ്യാപിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന പ്രവർത്തനങ്ങളുമായാണ് വനം-വന്യജീവി വകുപ്പ് മുന്നോട്ടുപോകുന്നത്. വന്യജീവി ആക്രമണങ്ങളെ നേരിടുന്നതിനായി ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകളിൽ ഡിവിഷൻ

എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ആരംഭിച്ചതും വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയുന്നതിനായി വനത്തിനോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിൽ ഏർളി വാണിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചതും ശ്ലാഘനീയമാണ്. കോട്ടൂരിലെ ആന പുനരധിവാസകേന്ദ്രത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ഷീരശ്രീ പോർട്ടൽ, ക്ഷീരജാലകം എന്നീ പദ്ധതികൾ ക്ഷീരകർഷകർക്ക് വളരെയേറെ സഹായകരമാണ്. മിൽമയുടെ പ്രതിദിന പാൽസംഭരണവും വിറ്റുവരവും വർദ്ധിപ്പിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവുമായി ബന്ധപ്പെട്ട് മറ്റ് ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ റീപൊസിഷനിംഗ് മിൽമ എന്ന ദീർഘകാല പദ്ധതി നടപ്പിലാക്കിവരികയാണ്. വിതുര, ചെറ്റച്ചൽ ജഴ്സിഫാമുകൾക്ക് ഫണ്ട് അനുവദിച്ച് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. പാലിന്റെ നിജപ്പെടുത്തിയ സബ്സിഡിത്തുകയുടെ പരിധി ഒഴിവാക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവേളയിൽ പാലുല്പാദനത്തിന് അനുസൃതമായിട്ടുള്ള തുക

നീക്കിവയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും വേണം. യുവകർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പശുക്കളിൽ അത്യുൽപ്പാദനശേഷിയുള്ള ബീജം കുത്തിവയ്ക്കുന്നതിന് ക്ഷീരകർഷകരിൽനിന്നും ഈടാക്കുന്ന തുകയിൽ ഇളവ് വരുത്തണം.

ശ്രീ. സജീവ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാലിത്തീറ്റയുടെ വില വർദ്ധനവ് തടയാനും ഒരു ലിറ്റർ പാലിന് അഞ്ചുരൂപ സബ്സിഡി നൽകാനും നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്താനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾക്ക് ഗ്രാന്റ് നൽകി അവയെ ശക്തിപ്പെടുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം. ചത്തുപോയ പന്നികളുടെ ഉടമസ്ഥർക്ക് അടിയന്തരമായി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിന് ഫണ്ട് അനുവദിക്കണം. കാസർഗോഡ്, കണ്ണൂർ ജില്ലകളെ ഒഴിവാക്കി ആർ.ആർ.ടി.-കൾ പ്രഖ്യാപിച്ച നടപടി പുനഃപരിശോധിക്കണം.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിലൂടെ ബഫർ സോൺ

വിഷയത്തിൽ ഹൈക്കോടതിയിൽനിന്നും അനുകൂല വിധി സമ്പാദിക്കാൻ സാധിച്ചത് പ്രശംസനീയമാണ്. മനുഷ്യജീവന് ഭീഷണിയായ കാട്ടുപന്നികളെ വെടിവച്ചുകൊല്ലാനായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. പട്ടികവിഭാഗത്തിൽപ്പെട്ടവരെ പ്രത്യേക തസ്തിക സൃഷ്ടിച്ച് ബീറ്റ് ഫോറസ്റ്റ് വിഭാഗത്തിലും ആർ.ആർ.ടി.-കളിലും നിയമിച്ചത് അഭിനന്ദനാർഹമാണ്. വന്യജീവി ആക്രമണം ലഘൂകരിക്കാനായി ഫെൻസിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. ക്ഷീര കർഷകർക്ക് അനുവദിക്കുന്ന സബ്സിഡി തുക വർദ്ധിപ്പിക്കാനും അവരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കാനായി 1972-ലെ Wild Life (Protection) Act-ൽ ഭേദഗതി കൊണ്ടുവരാൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ ശ്രമിക്കണം. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ താൽക്കാലിക ജോലി നൽകാനുള്ള പരിശ്രമം നടത്തണം. ആർ.ആർ.ടി. പ്രഖ്യാപിച്ചതും വനം വകുപ്പിൽ ആദിവാസികൾക്ക് നിയമനം നൽകിയതും

ബഫർ സോൺ വിഷയത്തിൽ പരിഹാരം കണ്ടെത്താൻ സാധിച്ചതും അഭിനന്ദനാർഹമാണ്. പാലുൽപ്പാദനം സ്വയംപര്യാപ്തതയിലെത്തിക്കാൻ നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. ഡയറി ഫാമുകൾ, ക്ഷീര സംഘങ്ങൾ, പുൽ കൃഷി എന്നിവയ്ക്ക് നൽകുന്ന സാമ്പത്തിക സഹായം ക്ഷീര മേഖലയ്ക്ക് ഉണർവ്വേകുന്നതാണ്. വിളക്കണയാത്ത മൃഗാശുപത്രി, ഇ-സമൃദ്ധ എന്നീ പദ്ധതികൾ സ്വാഗതാർഹമാണ്. ക്ഷീര കർഷകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. പാലക്കാട് ജില്ല കേന്ദ്രീകരിച്ച് cattle breeding and research station ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുമായാണ് മൃഗസംരക്ഷണ വകുപ്പ് മുന്നോട്ടുപോകുന്നത്. മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം വ്യാപകമാക്കണം. ഗോസമൃദ്ധി, ഗോവർദ്ധിനി പദ്ധതികൾ കർഷകർക്ക് ആശ്വാസമേകുന്നതാണ്. കന്നുകുട്ടി പരിപാലന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാനും ക്ഷീര കാർഷിക വികസന സമിതികൾ പ്രാദേശികതലത്തിൽ സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.

മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കണം. വെച്ചൂർ, കാസർകോഡ് കുള്ളൻ എന്നീ ഇനങ്ങളിലുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കോഴിയിറച്ചി, മുട്ട എന്നിവയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുകയും കൂടുതൽ ഫണ്ടനുവദിക്കുകയും ചെയ്യണം. ക്ഷീരകർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയണം. കന്നുകാലികളുടെ പരിപാലനച്ചെലവ്, ക്ഷീരോല്പാദനച്ചെലവ് എന്നിവ കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംവിധാനമേർപ്പെടുത്തണം. പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതോടൊപ്പം പാലിൽനിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുകയും ചെയ്യണം. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. വന്യജീവികൾക്ക് കാടിനുള്ളിൽത്തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കണം. വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും സമയബന്ധിതമായി നഷ്ടപരിഹാരം നൽകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വനാതിർത്തികൾ ഫെൻസിംഗ് ചെയ്യുന്നതിന് ഫണ്ടനുവദിക്കണം. വന്യജീവി ആക്രമണങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കണം. അട്ടപ്പാടിയിൽ ആർ.ആർ.റ്റി.-യുടെ അധിക ടീം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണകേന്ദ്രത്തിൽ ബോയ്സ് ഹോസ്റ്റൽ, ഫാം ടൂറിസം എന്നിവ അനുവദിക്കണം. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കന്നുകാലികളുള്ള കർഷകർക്കും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വാഴൂർ സോമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്ഷീരമേഖലയുടെ വികസനത്തിന് കാലോചിതമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കെ.എൽ.ഡി. ബോർഡ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് ഫലപ്രദമായ സംവിധാനങ്ങളേർപ്പെടുത്തണം. പീരുമേട് നിയോജകമണ്ഡലത്തിലെ സത്രം പ്രദേശത്തെ എയർ സ്ട്രിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും സീറോ ലാൻഡ് പദ്ധതിയിൽപ്പെടുത്തി അനുവദിച്ച ഭൂമി അളന്നുതിട്ടപ്പെടുത്തി നൽകുന്നതിനും

നടപടി സ്വീകരിക്കണം. വിനോദസഞ്ചാര വകുപ്പിന്റേതുൾപ്പെടെയുള്ള പല പദ്ധതികൾക്കും വനം വകുപ്പ് സ്റ്റോപ് മെമ്മോ നൽകുന്ന സ്ഥിതിയാണുള്ളത്. പീരുമേട്ടിൽ റെയ്ഞ്ച് ഓഫീസ് അനുവദിക്കുന്നതിനും കാട്ടുപോത്തിന്റെ ആക്രമണത്തിൽ പരിക്കേറ്റയാൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കണം. ഫീൽഡ്/ബീറ്റ് ഫോറസ്റ്റ് ആഫീസർമാർക്ക് വാഹനം അനുവദിക്കണം. മുഴുവൻ സമയവും പ്രവർത്തിക്കുന്ന റാപിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ വികസന സെല്ലിന്റെ പ്രവർത്തനങ്ങളും മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനങ്ങളും രാത്രികാല അടിയന്തര മൃഗചികിത്സ സംവിധാനവും സ്വാഗതാർഹമാണ്. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കർമ്മസേനയെ സജ്ജമാക്കിയതും പ്രതിരോധ കുത്തിവെയ്പ് ഫലപ്രദമായി നടപ്പാക്കുന്നതും സർക്കാരിന്റെ നേട്ടങ്ങളാണ്.

തീറ്റപ്പുൽ കൃഷി, ഫാം ആധുനികവത്കരണം, കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, കേരള ചിക്കൻ പദ്ധതി, ഫാം എയിഡ് പാക്കേജ്, ക്ഷീരസാന്ത്വനം പദ്ധതി എന്നിവ ശ്രദ്ധേയമാണ്. സാറ്റലൈറ്റ് പന്നിവളർത്തൽ/ആട് വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചതും കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കാൻ സാധിച്ചതും ശ്ലാഘനീയമാണ്. കാസർഗോഡ് ജില്ലയിൽ ആട് ഫാം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മിൽക്ക് ഇൻസെന്റീവ് സ്കീം കുടിശ്ശികയില്ലാതെയും സമയബന്ധിതമായും ക്ഷീര കർഷകർക്ക് ലഭ്യമാക്കണം. കാലിത്തീറ്റയുടെ വിലനിയന്ത്രിക്കുന്നതിനും ക്ഷീര സാന്ത്വനം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും സർക്കാർ ഇടപെടൽ നടത്തണം. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരണം. വൈൽഡ് അനിമൽ മാനേജ്മെന്റ് വിഭാഗം ആരംഭിക്കുകയും റെയ്ഞ്ച് ഓഫീസുകളിൽ വന്യമൃഗങ്ങളെ പ്രതിരോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. വനാതിർത്തികളിൽ നാളിതുവരെ ഫെൻസിംഗ് നിർമ്മിക്കാനാവാത്തതും ഫോറസ്റ്റ് വാച്ചർമാരുടെ ശമ്പളത്തിൽ കുടിശ്ശിക വരുത്തിയതും അപലപനീയമാണ്. വന്യജീവി അക്രമണങ്ങളിൽ

മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വെവ്വേറെ നൽകണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ക്ഷീരവികസന വകുപ്പിനു കീഴിൽ പാറശ്ശാല മണ്ഡലത്തിൽ ഈ വർഷംതന്നെ ഡയറി കോളേജ് ആരംഭിക്കുന്നതാണ്. ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച് നാശനഷ്ടം സംഭവിച്ച കർഷകരിൽ ഇനിയും നഷ്ടപരിഹാരം ലഭ്യമാകാനുള്ളവർക്ക് എത്രയുംവേഗം നൽകുന്നതാണ്. ക്ഷീരമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെടുന്നതാണ്. ഫാം ലൈസൻസ് ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിക്കായി 42 കോടി രൂപ വകയിരുത്തുകയും കിടാരി പാർക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗോസമൃദ്ധി ഇൻഷ്വറൻസിനും ക്ഷീരസാന്ത്വനം ഇൻഷ്വറൻസിനും തുക നീക്കിവച്ചിട്ടുണ്ട്. മിൽമ ജീവനക്കാർക്കുള്ള ശമ്പളത്തിൽ 18 ശതമാനം വർദ്ധനവ് വരുത്താനും 2021 മുതലുള്ള കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതുതായി 2400 ഹെക്ടറിൽ പുൽകൃഷി ആരംഭിക്കാനും ക്രമാനുഗതമായി വർദ്ധിപ്പിച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. മീറ്റ്

പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് പുതിയ പ്ലാന്റുകൾ സ്ഥാപിക്കാനും നൂറുദിനപരിപാടിയിൽ ഉൾപ്പെടുത്തി 250 പുതിയ വിപണനശാലകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മിൽമ മിൽക്ക് പൗഡർ ഫാക്ടറി ആരംഭിക്കാൻ പോകുകയാണ്. മിൽമയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേരളത്തിൽ വിപണനം ചെയ്യുന്നതോടൊപ്പം കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. പന്നി കർഷകർക്ക് നഷ്ടപരിഹാരമായി 5.81 കോടി രൂപ കൊടുത്തിട്ടുണ്ട്. മൃഗാശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി മുഖേനയും മരുന്ന് ലഭ്യമാക്കിവരുന്നു. പൊതുമേഖല സ്ഥാപനങ്ങളായ കേരള ഫീഡ്സ്, മിൽമ എന്നിവ മുഖേന കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വേനൽ ചൂടിൽ മരണപ്പെട്ട പശുക്കൾക്കും ചർമ്മമുഴ ബാധിച്ച പശുക്കൾക്കുമുള്ള നഷ്ടപരിഹാരം യഥാസമയം നൽകിയിട്ടുണ്ട്. കന്നുകാലികൾക്ക് കുളമ്പ്രോഗ/ബ്രൂസല്ലോസിസ് പ്രതിരോധ

കുത്തിവയ്പുകൾ കൃത്യമായി നൽകുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പക്ഷിപ്പനി വ്യാപനം തടയുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. മിൽമ വഴി കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കാനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാനും കേരള ചിക്കൻ പദ്ധതി വിപുലപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): വന്യജീവി ആക്രമണം പരിഹരിക്കാനുതകുന്ന നിർദ്ദേശങ്ങളൊന്നും ചർച്ചയിൽ ഉയർന്നുവന്നിട്ടില്ല. വയനാട് ജില്ലയിൽ എ.ഐ. സംവിധാനം ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്ന വന്യജീവി ആക്രമണ പ്രതിരോധ പ്രവർത്തനം വിജയിച്ചാൽ സർക്കാരിന്റെ ധനസ്ഥിതി പരിഗണിച്ചുകൊണ്ട് ഹോട്ട്സ്പോട്ടുകളായി നിർണ്ണയിക്കപ്പെട്ട പ്രദേശങ്ങളിലെല്ലാം ഇത് നടപ്പാക്കാനാണ് ആലോചിക്കുന്നത്. വനം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നൽകിവന്നിരുന്ന ധനസഹായം 40 കോടി രൂപയായി വർദ്ധിപ്പിക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ സ്പെഷ്യൽ ആർ.ആർ.ടി.-യെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോട്ടൂരിലെ ആന പുനരധിവാസ കേന്ദ്രത്തെ ലോകോത്തര നിലവാരമുള്ള ആന പരിപാലന കേന്ദ്രമാക്കി മാറ്റാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതും കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിൽ സഫാരി പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി ത്വരിപ്പെടുത്തുന്നതുമാണ്. വന്യജീവി സാന്നിദ്ധ്യം അറിയിക്കുന്നതിനുള്ള ഏർളി വാണിംഗ് സിസ്റ്റം എല്ലാ ഫോറസ്റ്റ് ഡിവിഷനുകളിലും ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. അനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷൻ ആൻഡ് റിപ്പലന്റ് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. വനമേഖലയുടെ സംരക്ഷണത്തിനായുള്ള ജനജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതാണ്. വനസൗഹൃദ സദസ്സിൽ ലഭിച്ച പരാതികളിൽ ഭൂരിഭാഗവും പരിഹരിച്ചിട്ടുണ്ട്. വനം വകുപ്പിനെ ജനസൗഹൃദ വകുപ്പാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. ശബരിമല പാതയിലെ കാളകെട്ടി ക്ഷേത്രത്തിലേക്കുള്ള വഴി നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പീരുമേട് നിയോജകമണ്ഡലത്തിലെ സത്രം എയർ സ്ട്രിപ്പ് നിർമ്മാണത്തിനുള്ള സ്റ്റേജ്-1

ക്ലിയറൻസിനുള്ള അപേക്ഷ പരിവേഷ് പോർട്ടൽ മുഖാന്തരം സമർപ്പിക്കുകയും മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്റ്റേജ്-1 ക്ലിയറൻസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഫർ സോൺ വിഷയത്തിൽ ജനങ്ങൾക്ക് അനുകൂലമായ വിധി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VI നിയമനിർമ്മാണ കാര്യം

### 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 21-10-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. റവന്യൂ റിക്കവറി കേസുകളിൽ സ്റ്റേ അനുവദിക്കുന്നതിനും കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനും പലിശ 9 ശതമാനമാക്കി കുറയ്ക്കുന്നതിനും ബോട്ട്-ഇൻ-ലാൻഡിന്മേലുള്ള വസ്തുനികുതി തിരികെ നൽകുന്നതിനും വേണ്ടിയുള്ള ഈ ബിൽ സ്വാഗതാർഹമാണ്. സർഫാസി ആക്ട് പ്രകാരം ജപ്തി നടപടി നേരിടേണ്ടിവരുന്നവർക്ക് ആശ്വാസം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കണം. റവന്യൂ റിക്കവറി നടപടികൾ യഥാസമയം നടക്കാത്തതുമൂലം സർക്കാരിനുണ്ടാകുന്ന

ഗണ്യമായ വരുമാനനഷ്ടം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കുടിശ്ശികക്കാരൻ വീഴ്ച വരുത്തിയ തുകയിൽ പലിശയും പിഴപ്പലിശയും മറ്റ് ചാർജ്ജുകളും കൂടിവരുന്ന തുക മുതലിനേക്കാൾ അധികരിക്കാൻ പാടില്ലെന്ന നിലപാട് സ്വീകരിക്കണം. 71-ാം വകുപ്പ് പ്രകാരം നോട്ടിഫൈ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ കൈവശം വച്ചിട്ടുള്ള ഭൂമിയിന്മേൽ വായ്പയെടുത്ത വ്യക്തി 5 വർഷത്തിനുള്ളിൽ മരണപ്പെട്ടാൽ അവകാശികൾക്ക് ടി വസ്തു നിയമാനുസൃതം തിരികെ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കണം. ബോട്ട്-ഇൻ-ലാൻഡിന്മേലുള്ള നികുതി കുടിശ്ശിക അഞ്ചുവർഷത്തിനുള്ളിൽ പൂർണ്ണമായും ഒടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടിശ്ശികക്കാരൻ ടി കാലയളവിനുള്ളിൽ ഒടുക്കിയ തുകയ്ക്കാനുപാതികമായി വസ്തു മടക്കി നൽകാൻ വ്യവസ്ഥയുണ്ടാകുന്നത് ഉചിതമായിരിക്കും. 71-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനവും കുടിശ്ശികക്കാരനും തമ്മിലുള്ള കരാറിൽ പലിശനിരക്ക് എന്തുതന്നെയായാലും അത് 9 ശതമാനത്തെക്കാൾ അധികരിക്കാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തണം. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കൺഫർമേഷൻ നൽകുന്നതിനുള്ള സമയപരിധികൂടി ഉൾപ്പെടുത്തണം.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നികുതി പിരിവിൽ മികവ് പുലർത്തുന്ന ഉദ്യോഗസ്ഥർക്ക് നിശ്ചിത തുക ഇൻസെന്റീവ് നൽകുന്നതിനും പിരിച്ചെടുക്കുന്ന പണത്തിന്റെ മൂല്യം കണക്കാക്കി റവന്യൂ അവാർഡ് കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. വില്ലേജ് ഓഫീസുകളിൽ KSWAN നെറ്റ്‌വർക്ക് ലഭ്യമാക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. കെ. അക്ബർ: 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വായ്പയുടെ പേരിലുള്ള ജപ്തിയിൽനിന്ന് സാധാരണക്കാരന്റെ വീടും സ്ഥലവും സംരക്ഷിക്കാൻ കഴിയുന്ന ഒരു ആശ്വാസ ബില്ലാണിത്. ടി നിയമമനുസരിച്ച് റവന്യൂ റിക്കവറിയുടെ പലിശ 9 ശതമാനമായി ചുരുക്കുമെന്നും സ്ഥാപനവും വ്യക്തിയും തമ്മിലുള്ള കരാർ അതിലും താഴെയാണെങ്കിൽ ആ പലിശ മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്നുമുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. കുടിശ്ശികയ്ക്ക് ആനുപാതികമായി മാത്രമേ ജപ്തി

നടത്താവൂ എന്ന നിയമഭേദഗതിയും ഇതിൽ വ്യവസ്ഥ ചെയ്യുന്നു. വസ്തു വാങ്ങുന്നയാളും വിൽക്കുന്നയാളും ജില്ലാകളക്ടറുടെ സമക്ഷം ചെയ്യുന്ന കരാറിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുണ്ടെങ്കിലും ജപ്തി ചെയ്യുന്ന വസ്തു മുഴുവനായോ ഭാഗികമായോ വിൽക്കാൻ കഴിയുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. റവന്യൂ റിക്കവറി നടപടികൾ പൂർത്തിയായശേഷവും 5 വർഷംകൊണ്ട് മുഴുവൻ തുകയും ഗഡുക്കളായി അടച്ചുകഴിഞ്ഞാൽ വസ്തു ടിയാൾക്ക് തിരിച്ചുകൊടുക്കുമെന്ന വ്യവസ്ഥ ആശ്വാസകരമാണ്. ഒരാളുടെ സ്വത്തും ജീവനും സംരക്ഷിക്കുകയെന്നുള്ളത് ഒരു ചുമതലയായി കാണുന്നുവെന്നുള്ളതാണ് ഈ ബില്ലിലെ സവിശേഷത. ഈ വ്യവസ്ഥ പ്രകാരം സാധാരണക്കാരായ ജനങ്ങളുടെ ബാങ്ക് ജപ്തികളുടെ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം എല്ലാ ബാങ്കിംഗ് മേഖലയിലും നടപ്പിലാക്കാൻ കഴിയണം.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഈ ബിൽ ജനോപകാരപ്രദമായിട്ടുള്ള നടപടികൾ കൊണ്ടുവരണമെന്ന ലക്ഷ്യത്തോടുകൂടിയുള്ളതാണ്. സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ ഉൾപ്പെടെയുള്ളവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥ ഈ

ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും താല്പര്യങ്ങൾ സംരക്ഷിക്കാനും അവരുടെ കുടിശ്ശിക തുക ഗഡുക്കളായി അടച്ചുതീർക്കുന്നതിനുമുള്ള സാവകാശം നൽകുന്നതിനും ടി ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ബോട്ട്-ഇൻ-ലാൻഡ് ആയി പിടിച്ചെടുക്കപ്പെട്ട ഭൂമി വിൽക്കാനോ ആൾട്ടർ ചെയ്യാനോ പാടില്ലായെന്ന നിർദ്ദേശത്തോടെ അഞ്ചുവർഷത്തിനുള്ളിൽ മുഴുവൻ തുകയും അടച്ചാൽ കുടിശ്ശികക്കാരന് അത് തിരികെ കൊടുക്കാമെന്ന വ്യവസ്ഥയും ബില്ലിലുണ്ട്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ ചർച്ച ചെയ്യാം. ഭൂമിയിൽ നിന്ന് ഈടാക്കേണ്ട പൊതു നികുതി കുടിശ്ശികയ്ക്ക് ഒരു വർഷം പലിശ നിരക്ക് 12 ശതമാനത്തിൽ നിന്നും 9 ശതമാനമാക്കി മാറ്റുകയും നേരത്തേ തയ്യാറാക്കിയ കരാർ പ്രകാരം 9 ശതമാനത്തിന് താഴെയാണെങ്കിൽ അതുമായി മുന്നോട്ടുപോകുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. LARR 2013 26(ബി), 27 പ്രകാരം വില നിശ്ചയിച്ച് നൽകുന്ന ഭൂമി മാത്രം ബോട്ട്-ഇൻ-ലാൻഡായി എടുത്താൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജപ്തി ചെയ്ത ഭൂമിയുടെ പണം തിരിച്ചടച്ചശേഷം ഭൂമി വാങ്ങാനാഗ്രഹിക്കുന്ന ആളും ഭൂമിയുടെ ഉടമസ്ഥനും ഒരു കരാറുണ്ടാക്കി ജില്ലാ കളക്ടറെ സമീപിച്ച് ആ ഭൂമി വിറ്റ് പണമടയ്ക്കുന്നതിനുള്ള സൗകര്യമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നിശ്ചിത കാലഘട്ടത്തിനുള്ളിൽ ആർ.ആർ. നടപടികൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസുകൾ സമ്പൂർണ്ണമായി സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ജൂലൈ മാസം ഒന്നാം തീയതി മുതൽ 78 താലൂക്കുകളിൽ 71 കേന്ദ്രങ്ങളിലായി ഭൂമി തരംമാറ്റൽ നടപടിക്രമങ്ങൾ ആരംഭിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ ഏജൻസികൾ പലവിധത്തിലുള്ള പ്രചാരണങ്ങൾ നടത്തി ആളുകളെ ബോധപൂർവ്വം കബളിപ്പിക്കാനുള്ള ശ്രമം നടത്തുന്നത് തടയുന്നതിനായി ശക്തമായ ഇടപെടൽ നടത്തുന്നതാണ്. റവന്യൂ വകുപ്പിൽ ജനപ്രതിനിധികളുടെ സാന്നിധ്യമില്ലാത്തതിനാലാണ് എം.എൽ.എ.-മാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ചത്. സാഹചര്യങ്ങൾമൂലം കുടിശ്ശികക്കാരായ ആളുകളെ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.

--------------------------